134

ഭാരത സർക്കാർ
നിയമ മന്ത്രാലയം

सत्यमेव जयते

# വ്യാവസായിക പുനർനിർമ്മാണ ബാങ്ക് (സംരംഭങ്ങളുടെ കൈമാറ്റവും റദ്ദാക്കലും) ആക്റ്റ്, 1997

## (1997-ലെ 7-ാം നമ്പർ ആക്റ്റ്)

(2006 ഒക്ടോബർ 25-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE INDUSTRIAL RECONSTRUCTION BANK (TRANSFER OF UNDERTAKINGS AND REPEAL) ACT, 1997

## (ACT No. 7 OF 1997)

(As on 25th October, 2006)

വില : രൂപ 26.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2009

## ആമുഖം

2006 ഒക്ടോബർ 25-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള വ്യാവസായിക പുനർനിർമ്മാണ ബാങ്ക് (സംരംഭങ്ങളുടെ കൈമാറ്റവും റദ്ദാക്കലും) ആക്റ്റ്, 1997 (1997-ലെ 7-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2007 ജനുവരി 27-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 2 മുതൽ 7 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**ഡോ. കെ. എൻ. ചതുർവേദി,**
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Industrial Reconstruction Bank (Transfer of Undertakings and Repeal) Act, 1997 (Act No. 7 of 1997) as on 25th October, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, section 1, Vol. 1, No. 1 dated 27th January, 2007 on pages 2 to 7.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

3/3179/2007/DTP (2).

# വ്യാവസായിക പുനർനിർമ്മാണ ബാങ്ക് (സംരംഭങ്ങളുടെ കൈമാറ്റവും റദ്ദാക്കലും) ആക്റ്റ്, 1997

(1997-ലെ 7-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |


അദ്ധ്യായം II

### പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യലും നിക്ഷിപ്തമാക്കലും


| | | |
|---|---|---|
| 3. | പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ കമ്പനിയിൽ നിക്ഷിപ്തമാകുമെന്ന് | 1 |
| 4. | സംരംഭങ്ങൾ കമ്പനിയിൽ നിക്ഷിപ്തമാക്കുന്നതിന്റെ സാമാന്യഫലം | 1 |
| 5. | പുനർനിർമ്മാണ ബാങ്കിലെ ആഫീസർമാരെയും മറ്റ് ജീവനക്കാരെയും സംബന്ധിച്ച വ്യവസ്ഥകൾ | 2 |


അദ്ധ്യായം III

### പലവക


| | | |
|---|---|---|
| 6. | സൗജന്യം മുതലായവ കമ്പനിക്ക് അനുവദിക്കപ്പെട്ടതായി കരുതപ്പെടണമെന്ന് | 3 |
| 7. | നികുതിയിളവോ ആനുകൂല്യമോ തുടരുന്നതിന് പ്രഭാവമുണ്ടെന്ന് | 3 |
| 8. | ഗാരന്റി പ്രാവർത്തികമായിരിക്കുമെന്ന് | 3 |
| 9. | ഡയറക്ടർമാരുടെ നിയമനത്തിൽ കമ്പനിയുമായുള്ള ഏർപ്പാട് നിലനിൽക്കുമെന്ന് | 3 |
| 10. | 1891-ലെ 18-ാം ആക്റ്റ് കമ്പനിയുടെ ബുക്കുകൾക്ക് ബാധകമാകുമെന്ന് | 4 |
| 11. | ഓഹരികളും, ബോണ്ടുകളും, കടപ്പത്രങ്ങളും അംഗീകൃത സെക്യൂരിറ്റികളായി കരുതപ്പെടണമെന്ന് | 4 |
| 12. | ആക്റ്റുകളിലും ചട്ടങ്ങളിലും റഗുലേഷനുകളിലും പുനർനിർമ്മാണ ബാങ്കിന്റെ സ്ഥാനത്ത് കമ്പനിയെ പകരം ചേർക്കൽ | 4 |
| 13. | 1984-ലെ 62-ാം ആക്റ്റ് റദ്ദാക്കലും ഒഴിവാക്കലും | 4 |


അദ്ധ്യായം IV

### ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്ക് ആക്റ്റ്, 1984-ന്റെ ഭേദഗതി


| | | |
|---|---|---|
| 14. | പുതിയ വകുപ്പ് 4 ക ചേർക്കൽ | 5 |
| 15. | റദ്ദാക്കലും ഒഴിവാക്കലും | 5 |


3/3179/2007/DTP (2).

# വ്യാവസായിക പുനർനിർമ്മാണ ബാങ്ക് (സംരംഭങ്ങളുടെ കൈമാറ്റവും റദ്ദാക്കലും) ആക്റ്റ്, 1997

(1997-ലെ 7-ാം നമ്പർ ആക്റ്റ്)

[1997 മാർച്ച്, 19]

ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ, കമ്പനികൾ ആക്റ്റ്, 1956-ൻ കീഴിൽ രൂപീകരിക്കപ്പെടേണ്ടതും രജിസ്റ്റർ ചെയ്യപ്പെടേണ്ടതുമായ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ വിഷയങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനും ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്ക് ആക്റ്റ്, 1984 റദ്ദാക്കുന്നതിനുമുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ളിക്കിന്റെ നാൽപ്പത്തിഎട്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് വ്യാവസായിക പുനർനിർമ്മാണ ബാങ്ക് (സംരംഭങ്ങളുടെ കൈമാറ്റവും റദ്ദാക്കലും) ആക്റ്റ്, 1997 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് 1997 ജനുവരി 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''നിശ്ചയിക്കപ്പെട്ട ദിവസം'' എന്നാൽ കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, 3-ാം വകുപ്പുപ്രകാരം നിശ്ചയിക്കുന്ന അങ്ങനെയുള്ള ദിവസം എന്നർത്ഥമാകുന്നു;

(ഖ) ''കമ്പനി'' എന്നാൽ കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1)-ൻ കീഴിൽ രൂപീകരിക്കപ്പെടേണ്ടതും രജിസ്റ്റർ ചെയ്യപ്പെടേണ്ടതുമായ ഭാരതീയ വ്യാവസായിക നിക്ഷേപ ബാങ്ക് ക്ളിപ്തം എന്നർത്ഥമാകുന്നു;

(ഗ) "പുനർനിർമ്മാണ ബാങ്ക്'' എന്നാൽ ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്ക് ആക്റ്റ്, 1984 (1984-ലെ 62)-ലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്ക് എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യലും നിക്ഷിപ്തമാക്കലും

3. പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ കമ്പനിയിൽ നിക്ഷിപ്തമാകുമെന്ന്.—കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിൽ പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും നിക്ഷിപ്തമാകുന്നതുമാണ്.

4. സംരംഭങ്ങൾ കമ്പനിയിൽ നിക്ഷിപ്തമാക്കുന്നതിന്റെ സാമാന്യഫലം.—(1) കേന്ദ്രസർക്കാർ, നിശ്ചയിക്കപ്പെട്ട ദിവസത്തിനു തൊട്ടുമുൻപ് പുനർനിർമ്മാണ ബാങ്കിന്റെ ഓഹരി ഉടമയാകയാൽ നിശ്ചയിക്കപ്പെട്ട ദിവസവും അന്നു മുതൽക്കും കമ്പനിയുടെ ഒരു ഓഹരി ഉടമയായി രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

(2) 3-ാം വകുപ്പു പ്രകാരം കമ്പനിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും കമ്പനിയിൽ നിക്ഷിപ്തമാകുന്നതുമായ പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങളിൽ, എല്ലാ ബിസിനസും, ആസ്തികളും, അവകാശങ്ങളും, അധികാരങ്ങളും, പ്രാധികാരങ്ങളും, വിശേഷാവകാശങ്ങളും, ഭൂമിയും, കെട്ടിടങ്ങളും, വാഹനങ്ങളും, രൊക്കബാക്കികളും, ഡെപ്പോസിറ്റുകളും, വിദേശനാണയങ്ങളും, വെളിപ്പെടുത്തിയതും വെളിപ്പെടുത്താത്തതുമായ കരുതൽ ധനങ്ങളും, കരുതൽ നിധിയും, പ്രത്യേക കരുതൽ നിധിയും, ഉദാര കരുതൽ നിധിയും, മറ്റേതെങ്കിലും നിധിയും, സ്റ്റോക്കുകളും, നിക്ഷേപങ്ങളും, ഓഹരികളും, ബോണ്ടുകളും,

കടപ്പത്രങ്ങളും, സെക്യൂരിറ്റികളും, ഏതെങ്കിലും വ്യവസായത്തിന്റെ നടത്തിപ്പും, വ്യാവസായിക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള വായ്പകളും, മുൻകൂറുകളും, ഗ്യാരന്റികളും, കുടിയായ്മകളും, പാട്ടങ്ങളും, കടങ്ങളുടെ കണക്കും ഉൾപ്പെടെയുള്ള ജംഗമവും സ്ഥാവരവും, യഥാർത്ഥവും സ്വന്തവും, മൂർത്തവും അമൂർത്തവും, കൈവശത്തിലുള്ളതോ നീക്കിവച്ചിട്ടുള്ളതോ, നിലവിലുള്ളതോ സമാശ്രിതമോ ആയ എല്ലാ സ്വത്തുക്കളും, ഏത് സ്വഭാവത്തിലുള്ളതും എവിടെ സ്ഥിതി ചെയ്യുന്നതാണെങ്കിലും പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ സംബന്ധിച്ച അതിന്റെ ഉടമസ്ഥതയിലോ കൈവശാവകാശത്തിലോ അധികാരത്തിലോ നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുൻപ് ഭാരതത്തിനുള്ളിലോ പുറത്തോ ഉണ്ടായിരുന്ന അങ്ങനെയുള്ള സ്വത്തിൽ നിന്നും ഉത്ഭവിക്കുന്ന മറ്റെല്ലാ അവകാശങ്ങളും താൽപ്പര്യങ്ങളും, അത് സംബന്ധിച്ച എല്ലാ കണക്കു ബുക്കുകളും, രജിസ്റ്ററുകളും, റിക്കാർഡുകളും, രേഖകളും ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതും പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ സംബന്ധിച്ച് ഭാരതത്തിനുള്ളിലോ പുറത്തോ അന്ന് നിലവിലുണ്ടായിരുന്ന എല്ലാ കടംവാങ്ങലുകളും ബാദ്ധ്യതകളും, കടപ്പാടുകളും, ഏത് തരത്തിൽപ്പെട്ടതായിരുന്നാലും, കൂടി ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതും ആകുന്നു.

(3) നിശ്ചയിക്കപ്പെട്ട ദിവസത്തിനു തൊട്ടുമുൻപ് നിലവിലിരുന്നതും പുനർനിർമ്മാണ ബാങ്കിനെ ബാധിക്കുന്നതുമായ എല്ലാ കരാറുകൾക്കും, കരണങ്ങൾക്കും, ബോണ്ടുകൾക്കും, ഗ്യാരന്റികൾക്കും, മുക്ത്യാറുകൾക്കും, മറ്റു പ്രമാണങ്ങൾക്കും, പ്രവർത്തന ഏർപ്പാടുകൾക്കും പ്രഭാവം ഇല്ലാതായിത്തീരുന്നതും അല്ലെങ്കിൽ അവ പുനർനിർമ്മാണ ബാങ്കിന് എതിരായി നടപ്പിലാക്കാൻ കഴിയുന്നതല്ലാതായിത്തീരുന്നതും ഈ ആക്റ്റിന്റെ ഫലമായി പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ നിക്ഷിപ്തമായ കമ്പനിക്ക് എതിരായോ അനുകൂലമായോ പൂർണ്ണപ്രാബല്യവും പ്രഭാവവും ഉള്ളതുപോലെ ആയിരിക്കുന്നതും അതിൽ പുനർനിർമ്മാണ ബാങ്കിന് പകരം കമ്പനിയെ നാമകരണം ചെയ്യപ്പെട്ടാൽ എന്നപോലെയോ അല്ലെങ്കിൽ അതിൽ കമ്പനി ഒരു കക്ഷി ആയിരുന്നാൽ എന്നപോലെയോ പൂർണ്ണമായും ഫലപ്രദമായും നടപ്പിലാക്കാവുന്നതുമാണ്.

(4) നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുൻപ്, പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ സംബന്ധിച്ച് അതിനാലോ അതിനെതിരായോ തീരുമാനത്തിലിരിക്കുന്നതോ നിലവിലുള്ളതോ ആയ ഏതെങ്കിലും നടപടിയോ വ്യവഹാരകാരണമോ, നിശ്ചയിക്കപ്പെട്ട ദിവസം മുതൽക്കെന്ന പോലെ, ഈ ആക്റ്റിന്റെ ഫലമായി പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ നിക്ഷിപ്തമായ കമ്പനിയാലോ കമ്പനിക്ക് എതിരായോ ഈ ആക്റ്റ് ഉണ്ടാക്കിയില്ലായിരുന്നുവെങ്കിൽ പുനർനിർമ്മാണ ബാങ്കിനാലോ അതിനെതിരായോ നടപ്പാക്കപ്പെടുമായിരുന്നതുപോലെ, തുടരാവുന്നതും നടപ്പാക്കാവുന്നതും പുനർനിർമ്മാണ ബാങ്കിനാലോ അതിനെതിരായോ നടപ്പിലാക്കാൻ കഴിയുന്നതല്ലാതായിത്തീരുന്നതും ആകുന്നു.

5. <u>പുനർനിർമ്മാണ ബാങ്കിലെ ആഫീസർമാരെയും മറ്റ് ജീവനക്കാരെയും സംബന്ധിച്ച വ്യവസ്ഥകൾ.</u>—(1) നിശ്ചയിക്കപ്പെട്ട ദിവസത്തിന് തൊട്ടുമുൻപ് ഉദ്യോഗത്തിലിരുന്ന (ബോർഡിന്റെ ഒരു ഡയറക്ടറും, അല്ലെങ്കിൽ ചെയർമാനും മാനേജിങ് ഡയറക്ടറും ഒഴികെ) പുനർനിർമ്മാണ ബാങ്കിന്റെ ഏതൊരു ആഫീസറും അല്ലെങ്കിൽ മറ്റു ജീവനക്കാരനും ഈ ആക്റ്റിന്റെ ഫലമായി കമ്പനിയിൽ നിക്ഷിപ്തമായ സംരംഭങ്ങളുമായി ബന്ധപ്പെട്ട് അങ്ങനെയുള്ള ആഫീസറോ മറ്റു ജീവനക്കാരനോ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നിടത്തോളം നിശ്ചയിക്കപ്പെട്ട ദിവസം മുതൽക്കെന്നപോലെ, കമ്പനിയുടെ ഒരു ആഫീസറോ, അതതു സംഗതിപോലെ, മറ്റു ജീവനക്കാരനോ ആയിത്തീരുന്നതും അതിൽ അയാളുടെ ഉദ്യോഗമോ സേവനമോ അതേ കാലാവധിക്കും, അതേ പ്രതിഫലത്തിനും, അതേ നിബന്ധനകളിൻമേലും വ്യവസ്ഥകളിൻമേലും, അതേ കടപ്പാടുകളോടും പുനർനിർമ്മാണ ബാങ്കിന്റെ സംരംഭങ്ങൾ കമ്പനിയിൽ നിക്ഷിപ്തമായിട്ടില്ലായിരുന്നുവെങ്കിൽ അതിൻകീഴിൽ അയാൾക്ക് അവകാശമുണ്ടാകുമായിരുന്ന അവധിയും, അവധിയാത്രാ സൗജന്യവും, ക്ഷേമപദ്ധതിയും, ചികിത്സാനുകൂല്യപദ്ധതിയും, ഇൻഷുറൻസും, പ്രോവിഡന്റ് ഫണ്ടും, മറ്റു ഫണ്ടുകളും, ഉദ്യോഗവിരാമവും, സ്വേച്ഛയാ ഉദ്യോഗ വിരാമവും, ഗ്രാറ്റുവിറ്റിയും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ചുള്ള അതേ അവകാശങ്ങളോടും വിശേഷാവകാശങ്ങളോടും കൂടി ഉദ്യോഗം വഹിക്കുന്നതും നിശ്ചയിക്കപ്പെട്ട ദിവസം മുതൽ ആറുമാസക്കാലയളവിനുള്ളിൽ ആ കമ്പനിയിലെ ആഫീസറായോ മറ്റ് ജീവനക്കാരനായോ തുടരേണ്ടതില്ലെന്ന് ആ ആഫീസറോ മറ്റ് ജീവനക്കാരനോ ഇച്ഛിക്കുന്നപക്ഷം, ആ കാലയളവ് അവസാനിക്കുന്നതുവരെയോ അല്ലെങ്കിൽ തുടർന്നും ആ കമ്പനിയിലെ ആഫീസറായോ മറ്റ് ജീവനക്കാരനായോ ഉദ്യോഗം വഹിക്കുന്നതാണ്.

(2) പുനർനിർമ്മാണ ബാങ്കിലെ ഒരു ആഫീസറോ മറ്റ് ജീവനക്കാരനോ കമ്പനിയുടെ ഉദ്യോഗത്തിലോ സേവനത്തിലോ ആയിരിക്കേണ്ടതില്ലെന്ന് (1)-ാം ഉപവകുപ്പു പ്രകാരം ഇച്ഛിക്കുന്ന പക്ഷം അങ്ങനെയുള്ള ആഫീസറോ മറ്റു ജീവനക്കാരനോ രാജിവച്ചതായി കരുതപ്പെടേണ്ടതാണ്.

(3) വ്യാവസായിക തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പുനർനിർമ്മാണ ബാങ്കിലെ ഏതെങ്കിലും

ആഫീസറുടെയോ മറ്റ് ജീവനക്കാരന്റെയോ സേവനങ്ങളുടെ കമ്പനിയിലേക്കുള്ള കൈമാറ്റം, അങ്ങനെയുള്ള ആഫീസറെയോ മറ്റ് ജീവനക്കാരനെയോ ഈ ആക്റ്റ് പ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ, ഏതെങ്കിലും നഷ്ടപരിഹാരത്തിന് അർഹനാക്കുന്നതല്ലാത്തതും അങ്ങനെയുള്ള യാതൊരു അവകാശവാദവും യാതൊരു കോടതിയോ ട്രിബ്യൂണലോ മറ്റ് അധികാര സ്ഥാനമോ പരിഗണനയ്ക്കെടുക്കുവാൻ പാടില്ലാത്തതുമാകുന്നു.

(4) നിശ്ചയിക്കപ്പെട്ട ദിവസത്തിനു മുൻപ് പുനർനിർമ്മാണ ബാങ്കിന്റെ സേവനത്തിൽ നിന്നും വിരമിച്ചവരും എന്തെങ്കിലും ആനുകൂല്യങ്ങൾക്കോ, അവകാശങ്ങൾക്കോ, വിശേഷാവകാശങ്ങൾക്കോ, അർഹതയുള്ളവരുമായ ആഫീസർമാർക്കും മറ്റു ജീവനക്കാർക്കും കമ്പനിയിൽ നിന്നും അതേ ആനുകൂല്യങ്ങളും, അവകാശങ്ങളും, വിശേഷാവകാശങ്ങളും ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(5) ആഫീസർമാരുടെയോ ജീവനക്കാരുടെയോ ക്ഷേമത്തിനുവേണ്ടി ഉണ്ടാക്കിയ, പുനർനിർമ്മാണ ബാങ്കിന്റെയും മറ്റു നികായങ്ങളുടെയും പ്രോവിഡന്റ് ഫണ്ടിന്റെയോ ഗ്രാറ്റുവിറ്റി ഫണ്ടിന്റെയോ ട്രസ്റ്റ്, അതിന്റെ ചുമതലകൾ കമ്പനിയിൽ നിർവ്വഹിക്കുന്നത് പുനർനിർമ്മാണ ബാങ്കിൽ ഇതുവരെ ചെയ്തിരുന്നതുപോലെ തുടരുന്നതും പ്രോവിഡന്റ് ഫണ്ടിനോ ഗ്രാറ്റുവിറ്റി ഫണ്ടിനോ അനുവദിച്ചിരുന്ന ഏതൊരു നികുതിയിളവും കമ്പനിക്ക് തുടർന്നും ബാധകമാകുന്നതുമാണ്.

(6) ഈ ആക്റ്റിലോ കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1)-ലോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ പുനർനിർമ്മാണ ബാങ്കിന്റെ റഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്റെ യാതൊരു ഡയറക്ടർക്കും അല്ലെങ്കിൽ ചെയർമാനും മാനേജിങ് ഡയറക്ടർക്കും അല്ലെങ്കിൽ പുനർനിർമ്മാണ ബാങ്കിന്റെ ബിസിനസിന്റെയും കാര്യങ്ങളുടെയും മുഴുവനുമോ അല്ലെങ്കിൽ ഗണ്യമായ ഭാഗമോ നടത്താൻ അവകാശപ്പെട്ട മറ്റേതെങ്കിലും ആൾക്കും പുനർനിർമ്മാണ ബാങ്കിനോ കമ്പനിക്കോ എതിരെ ഉദ്യോഗ നഷ്ടത്തിനോ പുനർനിർമ്മാണ ബാങ്കുമായി അയാൾ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും നടത്തിപ്പ് കരാറിന്റെ അകാലപരിസമാപ്തിക്കോ എന്തെങ്കിലും നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

## അദ്ധ്യായം III

## പലവക

6. സൗജന്യം മുതലായവ കമ്പനിക്ക് അനുവദിക്കപ്പെട്ടതായി കരുതപ്പെടണമെന്ന്.—തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം, പുനർനിർമ്മാണ ബാങ്കിന്റെ കാര്യങ്ങളും ബിസിനസും സംബന്ധിച്ച് പുനർനിർമ്മാണ ബാങ്കിനനുവദിച്ചിട്ടുള്ള എല്ലാ ധനപരമായതും മറ്റ് സൗജന്യങ്ങളും ലൈസൻസുകളും ആനുകൂല്യങ്ങളും വിശേഷാവകാശങ്ങളും ഇളവുകളും നിശ്ചയിക്കപ്പെട്ട ദിവസം മുതൽ പ്രാബല്യത്തോടെ കമ്പനിക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

7. നികുതിയിളവോ ആനുകൂല്യമോ തുടരുന്നതിന് പ്രഭാവമുണ്ടെന്ന്.—(1) ആദായ നികുതി ആക്റ്റ്, 1961 (1961-ലെ 43)-ലെയോ ആദായത്തിൻമേലോ ലാഭങ്ങളിൻമേലോ നേട്ടങ്ങളിൻമേലോ ഉള്ള നികുതി സംബന്ധിച്ച തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, നിശ്ചയിക്കപ്പെട്ട ദിവസം മുതൽ കണക്കാക്കുന്ന അഞ്ചു വർഷക്കാലത്തേക്ക് കമ്പനിക്ക് ലഭിച്ച അല്ലെങ്കിൽ കമ്പനി സ്വീകരിച്ച ഏതെങ്കിലും ആദായമോ, ലാഭങ്ങളോ, നേട്ടങ്ങളോ, തുകയോ സംബന്ധിച്ച ആദായ നികുതിയോ മറ്റേതെങ്കിലും നികുതിയോ നൽകുവാൻ കമ്പനി ബാദ്ധ്യസ്ഥമായിരിക്കുന്നതല്ല.

(2) സംരംഭങ്ങളുടെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ 3-ാം വകുപ്പു പ്രകാരമുള്ള കൈമാറ്റവും നിക്ഷിപ്തമാക്കലും മൂലധന നേട്ടങ്ങളുടെ ആവശ്യത്തിലേക്കായി ആദായ നികുതി ആക്റ്റ്, 1961 (1961-ലെ 43)-ന്റെ അർത്ഥത്തിൽ ഒരു കൈമാറ്റമായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

8. ഗാരന്റി പ്രാവർത്തികമായിരിക്കുമെന്ന്.—ഏതെങ്കിലും വായ്പയോ, പാട്ടധനമോ അല്ലെങ്കിൽ മറ്റ് സഹായമോ സംബന്ധിച്ച് പുനർനിർമ്മാണ ബാങ്കിനോ അല്ലെങ്കിൽ ബാങ്കിന് അനുകൂലമായോ നൽകിയ ഏതൊരു ഗാരന്റിയും കമ്പനിയെ സംബന്ധിച്ചും തുടർന്നും പ്രാവർത്തികമായിരിക്കുന്നതാണ്.

9. ഡയറക്ടർമാരുടെ നിയമനത്തിൽ കമ്പനിയുമായുള്ള ഏർപ്പാട് നിലനിൽക്കുമെന്ന്.—(1) ഏതെങ്കിലും വ്യാവസായികമോ മറ്റേതെങ്കിലും സ്ഥാപനവുമായോ കമ്പനി ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും ഏർപ്പാട് അങ്ങനെയുള്ള സ്ഥാപനത്തിലെ ഒന്നോ അതിലധികമോ ഡയറക്ടർമാരുടെ നിയമനത്തിനു കമ്പനി വ്യവസ്ഥ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള വ്യവസ്ഥയ്ക്കും അതിനനുസൃതമായി നടത്തപ്പെട്ട ഡയറക്ടർമാരുടെ

ഏതെങ്കിലും നിയമനത്തിനും, കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1)-ലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാപനവുമായി ബന്ധപ്പെട്ട മെമ്മോറാണ്ടത്തിലോ സംഘനിയമാവലിയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രമാണത്തിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, സാധുതയും പ്രഭാവവും ഉണ്ടായിരിക്കുന്നതും ഓഹരിയോഗ്യതയും പ്രായപരിധിയും ഡയറക്ടർ സ്ഥാനത്തിന്റെ എണ്ണവും ഡയറക്ടർമാരെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യലും സംബന്ധിച്ച ഏതൊരു വ്യവസ്ഥയും മുൻപറഞ്ഞ അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിലോ പ്രമാണത്തിലോ അടങ്ങിയിട്ടുള്ള അതുപോലെയുള്ള വ്യവസ്ഥകളും മുൻപറഞ്ഞ പ്രകാരമുള്ള ഏർപ്പാടിന് അനുസൃതമായി കമ്പനി നിയമിച്ച യാതൊരു ഡയറക്ടർക്കും ബാധകമാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പു പ്രകാരം നിയമിക്കപ്പെട്ട ഏതൊരു ഡയറക്ടറും,—

(ക) കമ്പനിക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതും ലിഖിതമായ ഉത്തരവ് വഴി കമ്പനിയാൽ നീക്കം ചെയ്യപ്പെടാവുന്നതും അല്ലെങ്കിൽ മറ്റേതെങ്കിലും ആളാൽ പകരം വയ്ക്കപ്പെടാവുന്നതും;

(ഖ) അദ്ദേഹം ഒരു ഡയറക്ടർ ആയിരിക്കുന്നുവെന്ന കാരണത്താൽ മാത്രം അല്ലെങ്കിൽ ഒരു ഡയറക്ടർ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ കർത്തവ്യങ്ങളുടെയോ അതുമായി ബന്ധപ്പെട്ട എന്തിന്റെയെങ്കിലുമോ നിർവ്വഹണത്തിൽ ഉത്തമ വിശ്വാസപൂർവ്വം എന്തെങ്കിലും ചെയ്തതിനോ അല്ലെങ്കിൽ ചെയ്യാൻ വിട്ടുപോയതിനോ ഏതെങ്കിലും കടപ്പാടോ ബാദ്ധ്യതയോ നേരിടുന്നതല്ലാത്തതും ;

(ഗ) ഊഴം അനുസരിച്ച് ഉദ്യോഗ വിരാമത്തിന് വിധേയനാകാത്തതും അങ്ങനെയുള്ള ഉദ്യോഗ വിരാമത്തിന് വിധേയരാകുന്ന ഡയറക്ടർമാരുടെ എണ്ണം കണക്കാക്കുന്നതിന് പരിഗണനയ്ക്കെടുക്കാൻ പാടില്ലാത്തതും,

ആകുന്നു.

10. 1891-ലെ 18-ാം ആക്റ്റ് കമ്പനിയുടെ ബുക്കുകൾക്ക് ബാധകമാകുമെന്ന്.—ബാങ്കേഴ്സ് ബുക്ക്സ് എവിഡൻസ് ആക്റ്റ്, 1891-ന്റെ ആവശ്യങ്ങൾക്കായി കമ്പനി ഒരു ബാങ്കായി കരുതപ്പെടുന്നതാണ്.

11. ഓഹരികളും, ബോണ്ടുകളും, കടപ്പത്രങ്ങളും അംഗീകൃത സെക്യൂരിറ്റികളായി കരുതപ്പെടണമെന്ന്.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കമ്പനിയുടെ ഓഹരികളും, ബോണ്ടുകളും, കടപ്പത്രങ്ങളും ഇൻഡ്യൻ ട്രസ്റ്റ് ആക്റ്റ്, 1882 (1882-ലെ 2)-ന്റെയും ഇൻഷുറൻസ് ആക്റ്റ്, 1938 (1938-ലെ 4)-ന്റെയും ബാങ്കിംഗ് റഗുലേഷൻ ആക്റ്റ്, 1949 (1949-ലെ 10)-ന്റെയും ആവശ്യങ്ങൾക്കായി അംഗീകൃത സെക്യൂരിറ്റികളായി കരുതപ്പെടേണ്ടതാണ്.

12. ആക്റ്റുകളിലും ചട്ടങ്ങളിലും റഗുലേഷനുകളിലും പുനർനിർമ്മാണ ബാങ്കിന്റെ സ്ഥാനത്ത് കമ്പനിയെ പകരം ചേർക്കൽ.—നിശ്ചയിക്കപ്പെട്ട ദിവസം പ്രാബല്യത്തിലുള്ള ഓരോ ആക്റ്റിലും ചട്ടത്തിലും അല്ലെങ്കിൽ റഗുലേഷനിലും,—

(ക) "ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്ക്" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അവയ്ക്കുപകരം "ഭാരതീയ വ്യാവസായിക നിക്ഷേപ ബാങ്ക് ക്ലിപ്തം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഖ) "പുനർനിർമ്മാണ ബാങ്ക്" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അവയ്ക്കുപകരം "വ്യാവസായിക നിക്ഷേപ ബാങ്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13. 1984-ലെ 62-ാം ആക്റ്റ് റദ്ദാക്കലും ഒഴിവാക്കലും.—(1) നിശ്ചയിക്കപ്പെട്ട ദിവസം മുതൽ ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്ക് ആക്റ്റ്, 1984 റദ്ദാക്കപ്പെട്ടതായി നിലകൊള്ളുന്നതാണ്.

(2) ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്ക് ആക്റ്റ്, 1984 റദ്ദാക്കിയിരുന്നാൽ തന്നെയും,—

(ക) പുനർനിർമ്മാണ ബാങ്കിന്റെ വാർഷിക കണക്കുകളും ആഡിറ്റും സംബന്ധിച്ച ഏതെങ്കിലും ആവശ്യങ്ങൾക്കായി അപ്രകാരം റദ്ദാക്കപ്പെട്ട ആക്റ്റിലെ VII-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ ആകാവുന്നത്ര കമ്പനി പാലിക്കേണ്ടതാകുന്നു;

(ഖ) അപ്രകാരം റദ്ദാക്കപ്പെട്ട ആക്റ്റിലെ VIII-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ പുനർനിർമ്മാണ ബാങ്ക് ഒരു വ്യാവസായിക സ്ഥാപനവുമായി 18-ാം വകുപ്പുപ്രകാരം ഏർപ്പെട്ടിട്ടുള്ള ഏർപ്പാടുകൾ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ട ദിവസം വരെ ബാധകമായിരിക്കുന്നതും കമ്പനിക്ക്, അതിൻപ്രകാരം പ്രവർത്തിക്കുവാനും അത് പൂർണ്ണമായും ഫലപ്രദമായും നടപ്പിലാക്കുവാനും ഈ ആക്റ്റ് നിയമമാക്കിയിട്ടില്ലായിരുന്നുവെങ്കിൽ എന്ന പോലെ അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

## അദ്ധ്യായം IV

## ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്ക് ആക്റ്റ്, 1984-ന്റെ ഭേദഗതി

[1] [14. പുതിയ വകുപ്പ് 4 ക ചേർക്കൽ.—ഭാരതീയ വ്യാവസായിക പുനർനിർമ്മാണ ബാങ്ക് ആക്റ്റ്, 1984 (1984-ലെ 62)-ലെ 4-ാം വകുപ്പിനു ശേഷം, താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"4 ക. പുനർനിർമ്മാണ ബാങ്കിന്റെ മൂലധനത്തിന്റെ പൊരുത്തപ്പെടുത്തൽ സംബന്ധിച്ച പരിവർത്തന വ്യവസ്ഥകൾ.—(1) കേന്ദ്രസർക്കാരിന് പുനർനിർമ്മാണ ബാങ്കിന്റെ ഓഹരി മൂലധനം,—

(ക) അതിന്റെ ഏതെങ്കിലും ഇക്വിറ്റി ഓഹരികളുടെ ബാദ്ധ്യത ഇല്ലാതാക്കിയോ അല്ലെങ്കിൽ കുറച്ചോ ;

(ഖ) അതിന്റെ ഏതെങ്കിലും ഇക്വിറ്റി ഓഹരികളിന്മേലുള്ള ബാദ്ധ്യത ഇല്ലാതാക്കിയോ ഇല്ലാതാക്കാതെയോ അല്ലെങ്കിൽ കുറച്ചോ കുറയ്ക്കാതെയോവഴി നഷ്ടപ്പെട്ടതോ അല്ലെങ്കിൽ ലഭ്യമായ ആസ്തികളാൽ പ്രതിനിധാനം ചെയ്യാത്തതോ ആയ ഏതെങ്കിലും അടച്ചുതീർത്ത ഓഹരി മൂലധനം റദ്ദാക്കിയോ ;

(ഗ) അതിന്റെ ഏതെങ്കിലും ഇക്വിറ്റി ഓഹരികളിന്മേലുള്ള ബാദ്ധ്യത ഇല്ലാതാക്കിയോ ഇല്ലാതാക്കാതെയോ അല്ലെങ്കിൽ കുറച്ചോ കുറയ്ക്കാതെയോവഴി പുനർനിർമ്മാണ ബാങ്കിന്റെ ആവശ്യത്തിൽ കവിഞ്ഞുള്ള ഏതെങ്കിലും അടച്ചു തീർത്ത മൂലധനം തിരിച്ചു നൽകിയോ,

കുറയ്ക്കാവുന്നതാണ്.

(2) കേന്ദ്രസർക്കാരിന്, ഏത് സമയത്തും, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതു കൈവശം വച്ചിരിക്കുന്ന ഇക്വിറ്റി ഓഹരികളിൽ അത് തീരുമാനിക്കുന്നത്ര എണ്ണം വീണ്ടെടുക്കാവുന്ന പ്രിഫറൻസ് ഓഹരികളായി മാറ്റാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വീണ്ടെടുക്കാവുന്ന പ്രിഫറൻസ് ഓഹരികൾക്ക്, കേന്ദ്രസർക്കാർ, അങ്ങനെയുള്ള മാറ്റത്തിന്റെ സമയത്ത് നിർദ്ദേശിക്കുന്ന നിശ്ചിത നിരക്കിലുള്ള ലാഭവീതം ലഭിക്കുന്നതാണ്."]

15. റദ്ദാക്കലും ഒഴിവാക്കലും.—(1) വ്യാവസായിക പുനർനിർമ്മാണ ബാങ്ക് (സംരംഭങ്ങളുടെ കൈമാറ്റവും റദ്ദാക്കലും) ഓർഡിനൻസ്, 1997 (1997-ലെ 7-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, അങ്ങനെ റദ്ദാക്കപ്പെട്ട ഓർഡിനൻസിൻകീഴിൽ ചെയ്ത എന്തെങ്കിലുമോ അല്ലെങ്കിൽ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിന്റെ തത്സ്ഥാനീയ വ്യവസ്ഥകളിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

1. റദ്ദാക്കൽ-ഭേദഗതി ആക്റ്റ്, 2001 (2001-ലെ 30) പ്രകാരം 14-ാം വകുപ്പ് റദ്ദാക്കി.

# THE INDUSTRIAL RECONSTRUCTION BANK (TRANSFER OF UNDERTAKINGS AND REPEAL) ACT, 1997

( Act No. 7 of 1997 )

# വ്യാവസായിക പുനർനിർമ്മാണ ബാങ്ക് (സംരംഭങ്ങളുടെ കൈമാറ്റവും റദ്ദാക്കലും) ആക്റ്റ്, 1997

(1997-ലെ 7-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | | |
|---|---|---|---|---|
| Articles of Association | — | സംഘനിയമാവലി | — | Sn. 9 |
| Book debts | — | കടങ്ങളുടെ കണക്ക് | — | Sn. 4 (2) |
| Fiscal | — | ധനപരമായ | — | Sn. 6 |
| Premature termination | — | അകാലപരിസമാപ്തി | — | Sn. 5 (6) |
| Serving in the employment | — | ഉദ്യോഗത്തിലിരുന്ന | — | Sn. 5 (1) |